കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി3- 912/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.15.01.2020

ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ

വിഷയം:- തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ എല്ലാ ഖണ്ഡികകളിയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി3- 912/2019 തീയതി : 15.01.2020

## ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 30.12.2018 മുതൽ 05/08/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ്നടത്തുന്നതിന് ചുമതലപ്പെട്ടഉദ്യോഗസ്ഥന്റെപേരും, ഉദ്യോഗപ്പേരും | ശ്രീ.കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും, തസ്തിക വിവരവും |
|---|---|
| 05/08/19 മുതൽ<br>21/08/19 വരെ | ശ്രീ. വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ഷീബ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജാക്വലിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| **ശ്രീമതി.അമ്മിണി.ബി** | 01.4.2018 മുതൽ 31.3.19വരെ |

2) <u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീമതി. സബീന | 01.4.2018 മുതൽ 31.3.19 വരെ |

**3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.മൈമൂനത്ത് | 01.4.2018 മുതൽ 31.3.19 വരെ |
| 2 | വികസനകാര്യം | ശ്രീമതി.സി.ആർ.ഓമന | 01.4.2018 മുതൽ 31.3.19 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സുധിലാൽ | 01.4.2018 മുതൽ 31.3.19 വരെ |
| 4 | ധനകാര്യം | ശ്രീ.ഒ.ഹാരിസ് | 01.4.2018 മുതൽ 31.3.19 വരെ |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മീര | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനിൽ.ബി.ചന്ദ്രൻ<br>ഡോ.അർച്ചനാ നായർ | 01.04.2018 മുതൽ 21.11.18 വരെ<br>22.11.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രീത കുമാരി | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, ഗവ: ഫിഷറീസ്ഹോസ്പിറ്റൽ | ഡോ.അർച്ചനാഉദയൻ<br>ഡോ.ജോമേരി ആന്റണി<br>ഡോ.ശരത് | 01.04.2018 മുതൽ 1.07.2018വരെ<br>02.07.2018 മുതൽ 03.12.2018വരെ<br>03.12.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | ഡോ.അനിത വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഹാരിയറ്റ് ജെറാൾഡ് | 01.04.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.കൃഷ്ണകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മിസ്ട്രസ്സ്, ഗവ. എൽപിഎസ്സ് | ശ്രീമതി.ശ്രീദേവി.എം | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.രാജൻ.സി | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അബ്ദുൾ അഫാർ<br>ശ്രീ.രതീഷ്.ആർ | 01.04.2018 മുതൽ 14.12.18 വരെ<br>01.04.18 മുതൽ 22.1.19 വരെ |
| | ശ്രീ.അരുൺകുമാർ.റ്റി.എസ് | 15.12.2018 മുതൽ 31.03.2019വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ഹാഷിദ്.എച്ച്<br>ശ്രീമതി.ലീന | 01.04.2018 മുതൽ 20.06.18 വരെ<br>21.6.18 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മണിക്കുട്ടൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| | | **ഭാഗം-1** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കിലെ അപാകതകൾ |
| 13 | 1-13 | കേരളാകോസ്റ്റൽ സോൺ മാനോജ്മെന്റ് അതോറ്റിയുടെ (KCZMA) അംഗീകാരത്തിനായി അയച്ച അപേക്ഷകൾ - തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണം |
| 14 | 1-14 | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസു് അനുമതി ലഭിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി |
| 15 | 1-15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 16 | 1-16 | പെർമിറ്റില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു |
| 17 | 1-17 | പഞ്ചായത്ത് വാടക നൽകുന്ന കെട്ടിടത്തിന് കുറഞ്ഞ കെട്ടിടനികുതി |

| | | |
|---|---|---|
| | | ഈടാക്കുന്നു. |
| 18 | 1-18 | Kczma യുടെ അനുമതിയ്ക്ക് അയയ്ക്കുന്ന അപേക്ഷകളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 19 | 1-19 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ |
| 20 | 1-20 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 21 | 1-21 | ബഡ്സ് സ്കൂൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല , ഭിന്നശേഷി സൌഹൃദമല്ല |
| 22 | 1-22 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീയൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സുംപ്ലേറ്റും നൽകൽ പദ്ധതി - തുക നിരാകരിക്കുന്നു. |
| 23 | 1-23 | അഗതി ആശ്രയ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു |
| 24 | 1-24 | (a) മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. |
| 25 | 1-25 | ഫിഷറീസ് ആശുപത്രി ലാബും സ്റ്റോറും ശീതീകരിക്കൽ പണി പൂർത്തിയായില്ല |
| 26 | 1-26 | പൊതുപണം വിനിയോഗിച്ച് സ്വകാര്യക്ഷേത്രത്തിന്റെ ഭൂമിയിൽ പബ്ലിക് ടോയ് ലറ്റ് സ്ഥാപിച്ചു |
| 27 | 1-27 | വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - എം ബുക്ക് പ്രകാരമുള്ള ഉപകരണങ്ങൽ സ്ഥാപിച്ചില്ല. |
| 28 | 1-28 | സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി തുക ചെലവഴിച്ചു |
| 29 | 1-29 | പകൽവീടിന് അനുബന്ധ സൌകര്യം ഒരുക്കൽ - വയോജന സൌഹൃദമല്ലാത്ത സ്ഥലത്ത് നിർമ്മിച്ച പകൽവീടിനായി തുക ചെലവഴിച്ചു |
| 30 | 1-30 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - സർക്കാർ നിർദ്ദേശം ലംഘിച്ചു |
| 31 | 1-31(1) | പാനൂർ.യു.പി.സ്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 32 | 1-32 | നിക്ഷേപപ്രോജക്ടുകൾ നടപ്പിലായില്ല |
| 33 | 1-33 | പച്ചക്കറി വിത്ത് :സബ്സിഡി അധികം നല്കി |
| | | **ഭാഗം-2**<br>**ഇല്ല.** |
| | | **ഭാഗം-3** |
| 34 | 3-1 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീയൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സുംപ്ലേറ്റും നൽകൽ പദ്ധതി - തുക നിരാകരിക്കുന്നു. |
| 35 | 3-2 | പൊതുപണം വിനിയോഗിച്ച് സ്വകാര്യക്ഷേത്രത്തിന്റെ ഭൂമിയിൽ പബ്ലിക് ടോയ് ലറ്റ് സ്ഥാപിച്ചു |
| 36 | 3-3 | സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി തുക ചെലവഴിച്ചു |
| 37 | 3-4 | പാനൂർ.യു.പി.സ്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം - സർക്കാർ നിർദ്ദേശങ്ങൾ |

| | | |
|---|---|---|
| | | പാലിച്ചില്ല |
| 38 | 3-5 | പച്ചക്കറി വിത്ത് :സബ്സിഡി അധികം നല്കി |
| ഭാഗം-4 | | |
| 39 | 4-1 | വാർഷിക കണക്കിലെ അപാകതകൾ |
| 40 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 41 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 42 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 43 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 44 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 45 | 4-7 | ഓഡിറ്റ് റിക്കവറി |
| 46 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 47 | 4-9 | ചാർജ്ജ്/സർചാർജ്ജ് വഴി ഈടാക്കിയ തുക |
| 48 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 49 | 4-11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 50 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 52 | അനുബന്ധം-2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.18 തീയതിയിലെ 2(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 223968000 | 208258000 |
| വാർഷിക കണക്ക് പ്രകാരം | 110469776 | 105053939 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ ഏകദേശം പകുതി തുക മാത്രമാണ് യഥാർത്ഥ വരവ് ചെലവ്. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 04.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കറ്റ് നം. |
|---|---|
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി-പി3-534/2019 തീ. 27.06.2019 |

# 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15362767.13 |
| വരവ് | 110469776 |
| ആകെ | 125832543.13 |
| ചെലവ് | 105053939 |
| നീക്കിയിരിപ്പ് | 20778604.13 |

# 1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21475129 | 21475129 | 21399460 | 75669 |
| എസ്.സി. പി | 0 | 3013000 | 3013000 | 2798013 | 214987 |
| ടി.എസ്.പി | 0 | 84000 | 84000 | - | 84000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സി.എഫ്. സി | 0 | 9969000 | 9969000 | 8117675 | 1851325 |
| കെ. എൽ.ജി. എസ്.ഡി.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 3935000 | 3935000 | 3935000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 4378000 | 4378000 | 3434554 | 943446 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 157 | 209182967 | 127 | 85065454 | 14 | 16 | 81 |

# 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 958761 | 896621 | 1855382 | 1738679 | 116703 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത്(*) | | 127515966 | 127515966 | 127515966 | |
| ആകെ | | | | | |

((*)KSA-ALP-P3/534/2019; 27.06.2019-ാം നമ്പരായി പുറപ്പെടുവിച്ച 2018-19 ആക്കൌണ്ട്സ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ അപാകം കാണുക)

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 569040 | 274 |
| കർഷകതൊഴിലാളി പെൻഷൻ | 1215200 | 113 |
| വിധവാപെൻഷൻ | 8898500 | 839 |
| വാർദ്ധക്യകാലപെൻഷൻ | 19145700 | 2149 |
| വികലാംഗപെൻഷൻ | 4995700 | 404 |
| അവിവാഹിതപെൻഷൻ | 516400 | 46 |
| വിവാഹധനസഹായം | 330000 | 11 |

| | | |
|---|---|---|
| (വിധവകളുടെ പെൺമക്കൾക്ക്) | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2019 3.15ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **4803/-** രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

**ആഭ്യന്തരനിയന്ത്രണമില്ല; നിയമവും ചട്ടങ്ങളും പാലിക്കുന്നില്ല**

പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ചവന്നിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും തീരപരിപാലന നിയവും പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ സംവിധാനം നിലവിലില്ല. അതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ കെട്ടിടങ്ങൾ നിർമിക്കുന്നതായി കാണുന്നു. (ഉദാ.സർവീസ് സ്റ്റേഷന് സമീപത്ത് നിർമ്മാണം പുരോഗമിക്കുന്ന വാണിജ്യകെട്ടിടം). തീരപരിപാലന നിയമം ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് നിർമ്മിച്ച് നിലനില്ക്കുന്ന കെട്ടിടങ്ങളിൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നില്ല. ഇത്തരം കെട്ടിടങ്ങളെകുറിച്ച് അടിസ്ഥാന സ്ഥിതിവിവരങ്ങൾ പോലും ഗ്രാമപഞ്ചായത്തിലില്ല. നിയമം ലംഘിച്ച കെട്ടിടങ്ങളിൽ സമയബന്ധിതമായ തുടർ നടപടി സ്വീകരിക്കാൻ ആവശ്യമായ നിയന്ത്രണ സംവിധാനമില്ല. തുടർ നടപടികൾ നിരീക്ഷിക്കാൻ സഹായകമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. (ഈ റിപ്പോർട്ടിലെ ഖണ്ഡിക കാണുക).

തനത് വരുമാനത്തിലെ വലിയ ചോർച്ച തടയുന്നതിനും നിയന്ത്രണ സംവിധാനമില്ല. ഗാർഹികേതര നികുതി അടയ്ക്കുന്ന കെട്ടിടങ്ങളിൽ പകുതി പോലും ലൈസൻസ് എടുക്കുന്നില്ല. ജ്യുവലറികൾപോലെ വലിയ സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കാതെ വ്യാപാരം നടത്തുന്നു. (ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-7 കാണുക).

കെട്ടിട നികുതിയിലെ കുടിശ്ശിക ലക്ഷത്തിൽപരമാണ്. ഇത് പിരിച്ചെടുക്കാനും ഫലപ്രദമായ സംവിധാനം നിലനില്ക്കുന്നതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല.

പദ്ധതി ആസൂത്രണ നിർവ്വഹണത്തിലും ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം പ്രകടമാണ്. സർക്കാർ ഫണ്ടുകൾ ലക്ഷങ്ങൾചെലവഴിച്ച നിർമാണങ്ങൾ സേവനപ്രദാന ആസ്തികളാക്കി മാറ്റുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കാതെയുള്ള ആസൂത്രണത്തിലെ പിഴവുകൾ കാരണം പശ്ചാത്തലമേഖലയിലെ പ്രോജക്ടുകളിൽ ലക്ഷങ്ങളുടെ അധികചെലവാണ് ഉണ്ടാകുന്നത്. പ്രോജക്ട് ആസൂത്രണ നിർവഹണത്തിൽ മിതവ്യയം കൊണ്ടുവരുന്നതിന് നിയന്ത്രണ സംവിധാനമില്ല. പശ്ചാത്തലമേഖലയിലെ പ്രോജക്ടുകളിൽ പിഡബ്ള്യുഡി മാനുവലും സാങ്കേതിക സർക്കുലറുകളും പാലിക്കുന്നതായി കാണുന്നില്ല. (ഈ റിപ്പോർട്ടിലെ ഖണ്ഡിക കാണുക).

സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾ പ്രോജക്ട് ആസൂത്രണ നിർവഹണത്തിൽ പാലിക്കപ്പെടുന്നില്ല. (ഉദാ.സ്മാർട് ക്ളാസി റൂം, ബഡ്സ് സ്കൂൾ). ഇതിനാൽ പ്രോജക്ടുകളിൽ അധികചെലവ് വ്യപകമാകുന്നു.

ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തനത്തിൽ 2018-19ൽ വിവിധ കാലങ്ങളിൽ 12 ഓഫീസ് ഉത്തരവുകൾ ഇറക്കിയതായി കാണുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പൊതുഭരണരംഗം പരിഷ്കരിക്കുന്നതിന് ബന്ധപ്പെട്ട വിഷയനിർണയ സമിതിയും ധനകാര്യ സ്ഥിരം സമിതിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.7.19 | 2019ജൂൺ വരെ | ആഗസ്റ്റ് 2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.12.2017 മുതൽ 04.01.2018 വരെ | 2012-13 മുതൽ 2016-17 | 7.2.2018 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ഓഡിറ്റ് സമയത്തും അങ്ങനെതന്നെ നിൽക്കുന്നു.

## 1-13 കേരളാകോസ്റ്റൽ സോൺ മാനോജ്മെന്റ് അതോറ്റിയുടെ (KCZMA) അംഗീകാരത്തിനായി അയച്ച അപേക്ഷകൾ - തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണം

2011 ലെ തീരദ്ദേശനിയന്ത്രണ മേഖല വിജ്ഞാപനം പ്രകാരം കടൽ മുഖത്തിന് വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് അഞ്ഞൂറ് മീറ്റർ വരെയുള്ള ദൂരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വ്യവസായങ്ങളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിയന്ത്രണം ഉണ്ട്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിയന്ത്രണ മേഖലയിൽ നിർമ്മിച്ച ചുവടെ ചേർക്കുന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അപേക്ഷ കോസ്റ്റൽ സോൺ മേനോജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസിന് നൽകിയതായി കാണുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കടൽതീരത്ത് നിന്നും കെട്ടിടം സ്ഥിതിചെയ്യുന്ന ദൂരം | തറവിസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|---|
| 1 | ശ്രീമതി ലൈല വളയം പറമ്പിൽ | 450 m | 90m2 | ഇന്റർലോക്ക് മാനുഫാക്ചർ ആന്റ് സ്റ്റോറേജ് |
| 2 | ശ്രീ ബൻസി എസ് & രാജു കളത്തിൽ | 180m | 27.55 m2 | മത്സ്യബന്ധന ഉപകരണങ്ങൾ |
| 3 | സെക്രട്ടറി വേദവ്യാസ വിദ്യാപീഠം | 382m | 384m2 | വിദ്യാഭ്യാസകെട്ടിടം |
| 4 | പ്രസിഡന്റ് എസ് എൻ ഡി പി | 210m | 56.62m2 | ഓഫീസ് ആവശ്യം |

എന്നാൽ ക്ലിയറൻസിന് നൽകിയതിന്ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് കോസ്റ്റൽ സോണിന്റെ അനുമതി ലഭിച്ചതിന്റേയും ഈ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കിയതിന്റെയും വിശദാംശം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.6) ഹാജരാക്കിയ മറുപടിയിൽ ക്രമനം. 1, 4 ലെ അപേക്ഷകൾ KCZMA നിരസിച്ചതായിട്ടും, മറ്റ് അപേക്ഷകൾക്ക് ഇതുവരെ തീർപ്പ് കൽപ്പിച്ച് KCZMA യുടെ തീരുമാനം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് ലഭ്യമായത്. കേരളാകോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാകാത്ത കെട്ടിടങ്ങളും, അനുമതി നിരസിക്കപ്പെട്ട കെട്ടിടങ്ങളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളുടെ തുടർ അവസ്ഥ പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറ്റിയുടെ അംഗീകാരം ലഭ്യമാകാത്ത വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവയെ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് കേരളാപഞ്ചായത്ത് രാജ് 235 എഎ വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസു് അനുമതി ലഭിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി

ശ്രീ.കലാധരൻ, ശ്രീമതി.ദേവിക കലാധരൻ എന്നിവരുടെ അധീനതയിലുള്ള 1996.52 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം 17.08.2016 ൽ പണി പൂർത്തീകരിച്ചതായി കാണുന്നു. കോസ്റ്റൽ സോൺ അതോറിറ്റിയുടെ നിയന്ത്രണ മേഖലയിൽ നിർമ്മിച്ച കെട്ടിടത്തിന് പ്രസ്തുത അതോറിറ്റിയുടെ അനുമതി ലഭിച്ചതിന്റെയും കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നതിന്റേയും വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത കെട്ടിടത്തിന് KCZMA അനുമതി ലഭിച്ചിട്ടില്ലെന്നും എന്നാൽ 2011 ൽ പെർമിറ്റ് കൊടുത്തിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. കൂടാതെ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ചതിനാൽ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് KCZMA യുടെ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കും അയക്കുന്നതായിരിക്കും എന്ന മറുപടിയാണ് ലഭിച്ചത്. തീരദേശപരിപാലന നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് നൽകിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റായ നടപടിയാണ്.അതിനാൽ ഈ കെട്ടിടത്തെ അനധികൃത കെട്ടിടമായി പരിഗണിച്ച് കേരളാ പഞ്ചായത്ത് രാജ് 235 എഎ വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മൊബൈൽ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപ പ്രകാരം വസ്തുനികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ എത്ര മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്ന എണ്ണവും ഈ മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കുന്ന നികുതിയുടെ വിവരവും അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ ഒരു ടവറിന്റെ നികുതി കൃത്യമായി ഈടാക്കുന്നുണ്ടെന്നും 6 ടവറുകൾ KCZMA മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്നും ഇവയ്ക്ക് KCZMA യുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും മറുപടി നൽകുകയുണ്ടായി. നികുതി ഈടാക്കാതിരിക്കുന്നത് ടവർ ഉടമകളെ

സഹായിക്കുന്നതിന് തുല്യമാണ് അതിനാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പെർമിറ്റില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു

സുധീർ നിസ, ചെങ്കിളിപ്പറമ്പിൽ വള്ളിപ്പാട്ട്മുറി എന്ന വ്യക്തി പുതുതായി നിർമ്മിക്കുന്ന 365.28 m2 തറവിസ്തീർണ്ണമുള്ള വ്യവസായിക ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റിനായി 20.06.2019 അപേക്ഷിച്ചിട്ടുണ്ട് ഓഡിറ്റ് നടത്തിയ ഭൌതികപരിശോധനയിൽ പ്രസ്തുത കെട്ടിടം CRZ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്, കൂടാതെ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ സ്ട്രക്ചർ വരെ പണിതിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കെട്ടിടനിർമ്മാണത്തിന് CRZ ന്റെ അനുമതിയും കെട്ടിടം പണിയാൻ പഞ്ചായത്തിന്റെ പെർമിറ്റും ലഭ്യമായിട്ടുണ്ടോ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റില്ലാതെ നിർമ്മാണം പ്രവർത്തനം ആരംഭിച്ചതിനാൽ പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകുകയും തുടർന്ന് 20.06.2019 ലെ പെർമിറ്റിനായുള്ള അപേക്ഷ സമർപ്പിച്ചെങ്കിലും പ്ലാനിലെ ന്യൂനത കാരണം പ്ലാൻ പുന.സമർപ്പിക്കുന്ന മുറയ്ക്ക് KCZMA ടെ അനുവാദത്തിന് അയയ്ക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. സ്റ്റോപ്പ് മെമ്മോയുടെ കോപ്പി ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങളിൽമേൽ ഫലപ്രദമായ നടപടികൾ സമയബന്ധിതമായി പഞ്ചായത്ത് സ്വീകരിക്കുന്നതായി കാണുന്നില്ല.

## 1-17 പഞ്ചായത്ത് വാടക നൽകുന്ന കെട്ടിടത്തിന് കുറഞ്ഞ കെട്ടിടനികുതി ഈടാക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പനയക്കൽ വീട്ടിൽ അബ്ദുൾ റഹ്മാൻ കുട്ടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 379/15, 380/15 എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമ കേന്ദ്രത്തിന്റെ വാടക പ്രതിമാസം 3187/- രൂപ നൽകി വരുന്നുണ്ട്. കെട്ടിടവാടക നിശ്ചയിക്കുന്നതിനുള്ള അസി. എഞ്ചിനീയറുടെ രേഖപ്പെടുത്തൽ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് 47.04 m2 തറവിസ്തീർണ്ണമുണ്ട്. സഞ്ചയസോഫ്റ്റ് വെയറിൽ ഈ കെട്ടിടങ്ങൾക്ക് 10 m2 മാത്രമാണ് തറവിസ്തീർണ്ണം രേഖപ്പെടുത്തി നികുതി ഈടാക്കി വരുന്നത്. വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതയിൽ മാറ്റം വരുത്തുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി. പഞ്ചായത്ത് വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുന്നതിലും അപാകതകൾ കടന്നു കൂടിയത് ഈ വിഷയത്തിലുള്ള പഞ്ചായത്തിന്റെ ജാഗ്രതകുറവ് വ്യക്തമാക്കുന്നു. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-18 KCZMA യുടെ അനുമതിയ്ക്ക അയയ്ക്കുന്ന അപേക്ഷകളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല

കെട്ടിട നിർമ്മാണ പെർമിറ്റിനായും കെട്ടിട നമ്പർ ലഭിക്കുന്നതിനും 72 അപേക്ഷകൾ 2017-18 വർഷം കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു. ഏകദേശം ഒരു വർഷം കാലയളവ് വേണം നടപടികൾ പൂർത്തീകരിക്കാൻ. ഇതിൽ എത്ര അപേക്ഷകൾക്ക് അനുമതി ലഭിച്ചെന്നോ എത്ര എണ്ണം തിരസ്കരച്ചെന്നോയുള്ള വിവരങ്ങൾ കാണിക്കുന്ന വാച്ച് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഗാർഹിക ഗാർഹകേതര വിവരം വേർതിരിച്ച് കാണിക്കുന്നില്ല. ഫയലുകളിൽ എടുക്കുന്ന

തീരുമാനങ്ങളുടെ പുരോഗതി രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്റർ നിരിക്ഷണ രജിസ്റ്റർ ആയി പരിഗണിക്കാൻ കഴിയില്ല. കെട്ടിടനിർമ്മാണങ്ങളിൽ തീരദ്ദേശപരിപാലന നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയുന്ന സംവിധാനം പഞ്ചായത്തിനില്ല. ഇത് ഭരണപരമായ പോരായ്മയാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര / സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

2018-19 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) 1994 ലെ പഞ്ചായത്ത് രാജ് നിയമന വകുപ്പ് 232(1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 134 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ നിന്നും മാത്രമേ തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളൂ. സഞ്ചയ പ്രകരം 901 കെട്ടിടങ്ങൾ ഗാർഹികേതരം എന്ന പേരിൽ വസ്തു നികുതി ഈടാക്കിവരുന്നുണ്ട്. ടി കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നത് പഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല.

2) ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം, ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈസൻസിനുള്ള അപേക്ഷകളിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും വിവരങ്ങളും ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ അപേക്ഷകളിൽ രേഖപ്പെടുത്തുന്നില്ല. ഇക്കാര്യം പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

4. യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിശ്ചിത സമയപരിധിക്കകം (ചട്ടം 19, 22) സമർപ്പിക്കാത്ത അപേക്ഷകളിൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാവുന്നതാണ്. അതുപോലെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക 3 പ്രകാരമുള്ള ഫീസും ഈടാക്കേണ്ടതാണ്. ഈ വിധം ഫീസീടാക്കുന്ന വിവരങ്ങൾ നിലവിൽ ഉപയോഗിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) തുടങ്ങിയവ ലൈസൻസ് എടുത്തിട്ടില്ല.

6.VI-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന കയർ വില്ലേജിന്റെ ലൈസൻസ് പുതുക്കി നൽകിയതിന്റേയും തൊഴിൽ നികുതി അടവാക്കിയതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല.

7. പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. ഉദാ.ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെപേര് |
|---|---|
| 1 | മോഡേൺ ഹാർഡ് വെയർ |
| | |

| 3 | അണ്ടോളിൽ ജ്യുവലേഴ്സ് |
|---|---|

മേൽ അപാകങ്ങൾക്ക് ഓഡിറ്റ് അന്വേഷണം. 3/08.08.19 ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നതാണെന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ , അബ്കാരി ഷോപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അണ്ടോളിൽ ജ്യുവലേഴ്സ്, മോഡേൺ ഹാർഡ് വെയർ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും വ്യക്തമാക്കി.

# 1-20 തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

<u>കയർ വ്യവസായ സഹകരണ സംഘങ്ങൾ</u>

പഞ്ചായത്തിന്റെ പരിധിയിൽ 11 കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

2018-19 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. മനോഹരൻ
2. ഗോപാലകൃഷ്ണ പിള്ള
3. മനോജ്കുമാർ
4. ഹരികുമാർ
5. മുരളി.കെ
6. ഷെരീഫ്
7. സന്തോഷ് കുമാർ
8. ഷൈൻ.പി
9. സുകുമാരൻ
10. ഷാഹുൽഹമീദ്
11. അരുൺബാബു
12. ജയചന്ദ്രൻ

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും കരാറുകാർ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്നും മറുപടി നൽകി. മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-21 ബഡ്സ് സക്കൂൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല ,

## ഭിന്നശേഷി സൌഹൃദമല്ല

ഗ്രാമ പഞ്ചായത്തിന്റെ ബഡ്സ് സ്കൂൾ ഭിന്നശേഷി സൌഹൃദമല്ല. ഗ്രാമ പഞ്ചായത്ത് 9-ാം വാർഡിൽ പ്രവർത്തിക്കുന്ന സ്കൂൾ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിത്തുന്നതായി കാണുന്നില്ല. സ ഉ (എം.എസ്) നം.148/09/തസ്വഭവ തീ.29.07.2009 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് സ്കൂൾ പ്രവർത്തിക്കേണ്ടത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളും ഓഡിറ്റ് നടത്തിയ ഭൌതിക പരിശോധനയിലും ഈ മാർഗ്ഗരേഖ വ്യാപകമായി ലംഘിക്കുന്നതായി തെളിയിക്കുന്നു. വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. റോഡിൽ നിന്ന കെട്ടിടത്തിലേക്ക് നേരിട്ട് പ്രവേശനമില്ല. അതിനാൽ ബഡ്സ്സ് സ്കൂൾ വാഹനത്തിന് ഇവിടേക്ക് നേരിട്ട് പ്രവേശിക്കാനാവില്ല. ഇടറോഡിൽ നിന്നും കഷ്ടിച്ച് ഒരാൾക്ക് നടന്നുപോകാൻ മാത്രം വീതിയുള്ള ഇടവഴി അവസാനിക്കുന്നിടത്താണ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്നത്. ഇതിനാൽ കെട്ടിടം ഭിന്നശേഷി സൌഹൃദമാകണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ ഒന്നും പാലിക്കാതെയാണ് വാടകകെട്ടിടം നിശ്ചയിച്ചിട്ടുള്ളത്. വാടകകെട്ടിടത്തിന്റെ ഉടമസ്ഥനുമായി 28.03.2017 ൽ ഏർപ്പെട്ട കരാർ ഉടമ്പടിയിൽ വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. ഓഡിറ്റ് ടിം നടത്തിയ ഭൌതികപരിശോധനയിൽ കെട്ടിട ഉടമസ്ഥന്റെ ഗൃഹോപകരണങ്ങൾ ഇപ്പോഴും ബഡ്സ്സ്സ്കൂൾ സെന്ററിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. വാടക ചമച്ച് നൽകാത്തതിനാലും മറ്റ് നടപടികൾ പൂർത്തീകരിക്കാത്തതിനാലുമാണ് ഇത് സംബന്ധിച്ച നിബന്ധനകൾ കെട്ടിട ഉടമസ്ഥൻ പാലിക്കാത്തത്. മാർഗ്ഗരേഖയിലെ മറ്റ് നിർദ്ദേശങ്ങളായ പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ എന്നിവയൊന്നും തന്നെ കുട്ടികൾക്ക് ഉപയോഗത്തിനായി ലഭ്യമാക്കിയിട്ടില്ല. കുട്ടികൾക്ക് ഫിസിയോതെറാപ്പിസ്റ്റ്, സ്പ്പീച്ച് തെറാപ്പിസ്റ്റ് മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നി വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടില്ല. കുട്ടികൾക്ക് വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സ്ഥലസൌകര്യം ഇല്ല. അഡ്മിഷൻ രജിസ്റ്ററിൽ 24 കുട്ടികളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് ടീം സ്കൂൾ സന്ദർശിച്ച വേളയിൽ 7 കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. 2018-19 വർഷം ഒരു കുട്ടി മാത്രമാണ് പുതുയായി ചേർന്നിട്ടുള്ളത്. മാർഗ്ഗരേഖയിലെ 18 -ാം മത്തെ നിർദ്ദേശമായ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വൈകല്യബാധിത കുട്ടികളെയും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണിക്കേണ്ടതും കൂടാതെ ഇതുമായി ബന്ധപ്പെട്ട് സർവ്വേനടത്തി കുട്ടികളുടെ എണ്ണം നിർണ്ണയിക്കേണ്ടതുമാണ്. ഇപ്രകാരം ഒരു സർവ്വേ നടത്തി ഗ്രാമ പഞ്ചായത്തിലെ ഭിന്നശേഷിയുള്ള മുഴുവൻ കുട്ടികളെയും ബഡ്സ്സ് സ്കൂളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം തൻവർഷത്തെ ചെലവുകൾ കൂടാതെ സ്കൂൾ കെട്ടിടത്തിന്റെ വാടകയും ഉൾപ്പെടുമ്പോൾ ഭീമമായ തുക ബഡ്സ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്നുണ്ട്. സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി ധനസമാഹരണ സാധ്യതകൾ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. ആവശ്യത്തിന് പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കാതെ ആരംഭിക്കുന്ന സ്കൂൾ പ്രവർത്തിക്കുന്നത് ബഡ്സ്സ് സ്കൂളുകളുടെ ഉദ്ദ്യേശലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ബഡ്സ്സ്സ്കൂളിനായുള്ള പ്രത്യേക ഉപദേശകസമിതി സ്കൂളിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. എന്നാൽ ഈ വിധത്തിലുള്ള ഒരു പ്രവർത്തനങ്ങളും ബഡ്സ്സ് സ്കൂളിന്റെ കാര്യത്തിൻ പ്രാവർത്തികമാകുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിച്ച് ബഡ്സ്സ് സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീയൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സുംപ്ലേറ്റും നൽകൽ പദ്ധതി - തുക നിരാകരിക്കുന്നു.

പ്രൊജക്ട് നം. S0174/19

അടങ്കൽ - 100000/-

ബിൽ നം - 39/18-19/18.03.19, 100000/-

നിർവ്വഹണം - VEO

ഭരണാനുമതി നം - 1(2)/11.12.18

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീ യൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സും പ്ലേറ്റും നൽകൽ എന്ന പദ്ധതിപ്രകാരം ഗ്രീൻലാൻഡ് എന്ന കുടുബശ്രീ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി രാജ് മെറ്റൽസ് ആന്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 100000/- രൂപ ചെലവഴിച്ച് 255.6 kgസ്റ്റീൽ പ്ലേറ്റും , 42.5 kg സ്റ്റീൽ ഗ്ലാസ്സും വാങ്ങിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം 22/18/തസ്വഭവ തീരു.തിയതി.14.02.2018 പ്രകാരം പാചകപാത്രങ്ങൾ, സംഭരണ പാത്രങ്ങൾ എന്നിവ വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ, ഗ്രൂപ്പുകൾക്കോ നൽകുവാൻ പാടില്ല. ഹരിത കേരളമിഷൻ തദ്ദേശസ്വഭരണസ്ഥാപനങ്ങൾക്ക് വേണ്ടി പുറത്തിറക്കിയ കൈപ്പുസ്തകത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ നൽകാൻ വ്യവസ്ഥയില്ല. പ്രൊജക്ട് തയ്യാറാക്കിയ വിഇഒയും അംഗീകരം നൽകിയ ബിഡിഒയും പ്രൊജക്ട് നിയമാനുസൃതമാണെന്നും സബ്സ്ഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നും പ്രൊജക്ട് ഫോറങ്ങളിൽ വ്യക്തമാക്കിയിട്ടില്ല.

2)ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം സ്റ്റീൽ പാത്രങ്ങൾ, പ്ലെയിറ്റുകൾ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങി നൽകുവാൻ സർക്കാർ നിർദ്ദേശമില്ല.

3)പ്രൊജക്ട് അനുസരിച്ച് ഒരുകുടുംശ്രീ യൂണിറ്റിന് വേണ്ടി വികസനഫണ്ട് ചെലവഴിച്ചതായി കാണുന്നു.പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ട വികസനഫണ്ടിൽ നിന്നും ഇത്രയും വലിയ തുക ഒരു കുടുംബശ്രീ യൂണിറ്റിന് വേണ്ടി ചെലവഴിച്ചത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത ഗ്രൂപ്പ് ആനുകൂല്യം കൈപ്പറ്റിയതിന്റെ രേഖകൾ, സ്റ്റീൽ പാത്രങ്ങൾ നൽകിയ കുടുംബശ്രീയൂണിറ്റുമായി ചമച്ച കരാർ, കാറ്ററിംഗ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് നൽകിയ ലൈസൻസ് എന്നിവ ഹാജരാക്കിയില്ല

4)പാത്രങ്ങൾ വാങ്ങിയ രാജ് ഇൻഡസ്ട്രീസിന്റെ ന്റെ ക്യാഷ് ബിൽ ഹാജരാക്കിയില്ല. ഹാജരാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം ആകെ പാത്രങ്ങളുടെ തൂക്കമാണ് കാണിച്ചിട്ടുള്ളത്. വാങ്ങിയ പാത്രങ്ങളുടെ എണ്ണം കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) ഹരിത ചട്ടം പാലിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് ഗ്രാമപഞ്ചായത്തിനെ എപ്രകാരം സഹായിച്ചു എന്നത് വ്യക്തമല്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ ഹരിതപെരുമാറ്റചട്ടം, മാലിന്യസംസ്കരണം എന്നീ മേഖലകളിൽ കുടുംബശ്രീയെ ബന്ധിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ്കുടുബശ്രീ ഗ്രൂപ്പിന് ഗ്ലാസ്സും പ്ലേറ്റും നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചതെന്നും ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ ഏജൻസിയായി ഗ്രാമപഞ്ചായത്ത് കുടുംബശ്രീയെ തെരഞ്ഞെടുത്തതാണെന്നാണ് അറിയിച്ചത്. സർക്കാർ ഫണ്ട് യാതൊരു സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലല്ല ചെലവഴിച്ചിട്ടുള്ളത്. ഈ അപാകതയെ സാധൂകരിക്കുന്ന മറുപടിയല്ല ലഭിച്ചിരിക്കുന്നത്. ഹരിതമിഷന്റെ കൈപ്പുസ്തകത്തിൽ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്ലാസ്സു പ്ലേറ്റും നൽകാമെങ്കിലും ഗ്രൂപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ കാരണങ്ങളാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 100000/- രൂപ നിർവ്വഹണോദ്യഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 അഗതി ആശ്രയ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

31.3.2019 ൽ അഗതി ആശ്രയ അക്കൗണ്ടിൽ 2757492 /- രൂപ അവശേഷിക്കുന്നുണ്ട്. ഇതിൽ 1526000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള തുകയാണ്. മുൻകാലങ്ങളിൽ പദ്ധതി ചെലവിനായി ലഭിച്ച തുകയാണ്, ഇത് ചെലവഴിക്കാത്തത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. അതിനാൽ ഈ തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 (a) മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

| ക്രമനം. | പദ്ധതിയുടെ പേര്/പ്രോജക്റ്റ്നം. | ബിൽനം./തീയതി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ, S0073/19, (പ്രോജക്ടിന്റെ ആകെ ചെലവ് 774276/- രൂപയാണ്. ഇതിൽ 377987/- രൂപയാണ് മരുന്നിന് ചെലവഴിച്ചത്). | 8/18-19 തീയതി. 15.01.2019<br>15/18-19 തീയതി. 16.03.2019<br>ചെക്ക് നം. 2313323 തീയതി. 05.03.2019 | 141000/-<br>36987<br>200000/- |
| 2 | പി.എച്ച്.സി ക്ക് മരുന്നുവാങ്ങൽ,72/19 | 6/18-19 തീയതി. 18.12.2018 | 400000/- |
| | | ആകെ | 777987/- |

എന്നാൽ നാളിതുവരെ 498352/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മരുന്ന പൂർണ്ണമായും ലഭിക്കാതിരുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഉടൻ തന്നെ ബാക്കി തുകയ്ക്കുള്ള മരുന്നുകൾ സ്ഥാപനത്തിൽ എത്തിച്ചു നൽകാമെന്ന് കെ.എം.സി.എൽ മാനേജർ മെഡിക്കൽ ഓഫീസറെ അറിയിച്ചതായി മറുപടി നൽകി.ലഭിക്കുവാനുള്ള മരുന്നിന് നിക്ഷേപിച്ച തുക 279635/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

<u>(b) ആരോഗ്യമേഖല: 1.98ലക്ഷത്തിന്റെ മരുന്ന് ലഭിച്ചില്ല</u>

ഗ്രാമപഞ്ചായത്ത് ആരോഗ്യമേഖലയിൽ മരുന്ന് വാങ്ങുന്നതിന് നടപ്പാക്കിയ പ്രോജക്ടുകളിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചില്ല.

വിവരണം:

(ഓഡിറ്റ് തീയതികളിലെ സ്ഥിതിവിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പത്രിക തയാറാക്കിയത്.)

| ക്രമ നം. | പ്രോജക്ട് വിവരണം | ലഭിക്കുവാനുള്ള മരുന്ന് (നിക്ഷേപ തുകയിലെ ബാക്കി) |
|---|---|---|
| 1 | പ്രോജക്ട് 5/19-ആയുർവേദ ആസ്പത്രിക്ക് മരുന്ന്. ഔഷധിയിൽ നിക്ഷേപിച്ച ആകെ തുക 500000രൂപ(ബിൽ 38/18-19,20.10.18) | 24195 |
| 2 | പ്രോജക്ട് 7/19-പകർച്ച വ്യാധി പ്രതിരോധം. ഔഷധിയിൽ നിക്ഷേപിച്ചത്-103000രൂപ(ബിൽ 40/18-19,25.10.18) (ക്രമ നം.1,2 നടപ്പാക്കിയത് ഡോ.അനിത വർഗീസ്,ആയുർവേദ മെഡിക്കൽ ഓഫീസർ) | 16464 |
| 3 | പ്രോജക്ട്-27/19-ഹോമിയോ ആസ്പത്രിക്ക് മരുന്ന്. ഹോംകോയിൽ നിക്ഷേപിച്ചത്-250000രൂപ(ബിൽ 1/18-19,23.10.18). (നടപ്പാക്കിയത്-ഡോ.ഹാരിഫ് ജെറാൾഡ്,ഹോമിയോ മെഡിക്കൽ ഓഫീസർ) | 157455 |
| | ആകെ ലഭിക്കുവാനുള്ള മരുന്ന് | 198114 |

മരുന്ന് ലഭിക്കാനുണ്ട് എന്ന വിഷയം ആരോഗ്യം വിദ്യാഭ്യാസം സ്ഥിരം സമിതിയും ഗ്രാമപഞ്ചായത്ത് കമ്മറ്റിയും ചർച്ച ചെയ്ത് തുടർനടപടി സ്വീകരിച്ചതായി മിനിറ്റ്സിൽ വിവരണമില്ല. മരുന്ന് ലഭിക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നിന് നിക്ഷേപിച്ച തുക 198114/- രൂപ തടസപ്പെടുത്തുന്നു. മരുന്നിന്റെ ബില്ല്, സ്റ്റോക്ക് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

# 1-25 ഫിഷറീസ് ആശുപത്രി ലാബും സ്റ്റോറും ശീതീകരിക്കൽ പണി പൂർത്തിയായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഫിഷറീസ് ആശുപത്രി ലാബും സ്റ്റോറും ശീതീകരിക്കുന്നതിനായി ബിൽ നം. 180706588830 തീയതി. 12.02.2019 പ്രകാരം 100000/-രൂപ സബ് ട്രഷറി ഹരിപ്പാട് മുഖേന PWD ഇലക്ട്രിക്കൽ സെക്ഷൻ ആലപ്പുഴയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല. ആയതിന് ഓഡിറ്റ് അന്വേഷണം 16/20.8.19 ന് ടെൻഡർ നടപടികൾ കഴിഞ്ഞുവന്നും വളരെ പെട്ടെന്ന് മേൽപ്പടി ജോലികൾ സ്ഥാപനത്തിൽ വന്നു ചെയ്യുന്നതാണെന്നും ഇലക്ട്രിക്കൽ വിഭാഗം ആലപ്പുഴ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. പണി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. നിക്ഷേപതുക 100000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-26 പൊതുപണം വിനിയോഗിച്ച് സ്വകാര്യക്ഷേത്രത്തിന്റെ ഭൂമിയിൽ പബ്ലിക് ടോയ് ലറ്റ് സ്ഥാപിച്ചു

പ്രോജക്ട് നമ്പർ - SO141/19

അടങ്കൽ - 4,40,000/- (വികസനഫണ്ട് - 20,000 + സംസ്ഥാനവിഹിതം - 4,00,000 + തനത് ഫണ്ട് - 20,000 )

ചെലവ് - ബിൽ നമ്പർ - 14/26.9.18 – 20000/-

ചെക്ക് നമ്പർ - 2733896/25.9.18 – 7405/-

ചെക്ക് നമ്പർ - 208436/25.9.18 –4,00,000/-
ആകെ 4,27,405/-

എം.ബുക്ക് നമ്പർ- 28/17-18

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ മൂത്തേരി ശിവ പാർവ്വതി ക്ഷേത്ര പരിസരത്ത് 2 ടോയ് ലറ്റുകളും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒരു ബേണിങ് ഫർണസും സ്ഥാപിക്കുകയാണ് ചെയ്തിട്ടുളളത്. ഇതിനായി ആകെ 427405/- രൂപ പ്രവൃത്തിയുടെ ചെലവായി നിർണ്ണയിച്ച് (പബ്ലിക്ക് ടോയിലറ്റിന് 315714.28 രൂപയും ഫർണസിന് 111690.72 രൂപയും) നികുതിയിനത്തിൽ 8548/- രൂപ കുറവ് വരുത്തി ബാക്കി 418857/- രൂപ കരാറുകാരനായ ശ്രീ.അരുൺബാബുവിന് നൽകി. എസ്.എൻ.ഡി.പി.യോഗത്തിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിന്റെ സ്ഥലത്ത് എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയുടെ ലെറ്റർ ഹെഡിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പബ്ലിക് ടോയ് ലറ്റ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഈ സ്ഥലം ഗ്രാമപഞ്ചായത്തിന് നിയമപരമായി കൈമാറിയിട്ടില്ല. പബ്ലിക് ടോയ് ലറ്റ് നിർമ്മിച്ചിരിക്കുന്ന ക്ഷേത്രം സ്ഥിതി ചെയ്യുന്നത് പ്രധാനപ്പെട്ട ജംഗ്ഷനിലോ, പി.ഡബ്ല്യു.ഡി.,റോഡിന്റെ പരിസരത്തോ അല്ല. ഒരു മൺ റോഡിന്റെ അരികിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിനടുത്ത് പൊതുസ്ഥാപനങ്ങളോ, വ്യാപാരസ്ഥാപനങ്ങളോ പോലും പ്രവർത്തിക്കുന്നില്ല. ക്ഷേത്രഭൂമിയായതിനാൽ പൊതുജനങ്ങൾ പ്രസ്തുത ടോയ് ലെറ്റുകൾ ഉപയോഗിക്കാൻ സാദ്ധ്യത കുറവാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയിൽ പണം ചെലവഴിച്ചിട്ടുളളത് പൊതുജനക്ഷേമാർത്ഥമല്ല എന്ന് കരുതേണ്ടിയിരിക്കുന്നു. വാട്ടർ/വൈദ്യുത കണക്ഷനുകളും ടോയ് ലറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത ഭൂമിയിൽ SNDP യുടെ ലെറ്റർ ഹെഡിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പൊതുപണം ചെലവഴിച്ച് ടോയ് ലറ്റ് യൂണിറ്റ് സ്ഥാപിച്ച് നൽകിയതിന് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം.19/ നൽകിയതിന് എസ്.എൻ.ഡി.പി ശാഖയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രവർത്തി നടത്തിയതെന്നാണ്. ഈ മറുപടി അംഗീകരിക്കുന്നില്ല. സ്വകാര്യക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയ് ലറ്റുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 315714/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 1-27 വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - എം ബുക്ക് പ്രകാരമുള്ള ഉപകരണങ്ങൾ സ്ഥാപിച്ചില്ല.

പ്രോജക്ട് നമ്പർ - SO12/19

അടങ്കൽ - 1,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - ബിൽ നമ്പർ - 14/26.9.18 – 99468/-

എം.ബുക്ക് നമ്പർ- 37/18-19

നിർവ്വഹണം - അസി. എഞ്ചിനീയർ

പ്രോജക്ടിലുൾപ്പെടുത്തി 4,6,7,8,15 എന്നീ വാർഡുകളിലെ യഥാക്രമം 121, 122,107,108,116 എന്നീ അങ്കണവാടികൾക്ക് കുടിവെള്ളകണക്ഷൻ നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടികളിൽ (107,108,116 - ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ, 121, 122 – അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ) പ്രാദേശിക പരിശോധന നടത്തിയതിൽ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ലന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. ഇപ്രകാരം എം. ബുക്കിൽ രേഖപ്പെടുത്താത്തവയ്ക്കായി ചെലവഴിച്ച 17815/- രൂപ തടസ്സപ്പെടുത്തുന്നു.

| അങ്കണവാടി നമ്പർ | എം. ബുക്കിലെ ഐറ്റം നമ്പർ | എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾ | സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ | | |
|---|---|---|---|---|---|
| | | | | എണ്ണം | നൽകിയ വില |
| 108, 116,121 | 3 | 18.19.2.1 Providing and fixing gun metal non retun valve of approved Quality (screwed end) 32mm nominal bore horizontal | പ്ലാസ്റ്റിക്ക് വാൽവുകളാണ് സ്ഥാപിച്ചിരിക്കുന്നത്. | 3 | 2567.25 (3x 855.75) |
| 107,108, 116,121 | 4 | 17.7.3 Providing and fixing wash basin with C.I. brackets, 15mm brass piller tap,32mm C.P. brass waste of standard pattern, including painting of fittings and brackets, cutting and making good the walls wherever require. White vitreous china wash basin size 550x400 mm with a pair of 15 mm C.P.brass | ബ്രാസ്സ് ടാപ്പിന് പകരം എസ്സ്.എസ്സിന്റെ ടാപ്പാണ് സ്ഥാപിച്ചിരിക്കുന്നത്. White vitreous china wash basin ന് പകരം മെറൂൺ കളർ വാഷ് ബെയ്സനാണ് സ്ഥാപിച്ചിരിക്കുന്നത്. | 4 | 12982.48(4x3245.62) |
| 107,108, 116,121, 122 | 7 | Supplying and fixing 15 mm brass tap | ബ്രാസ്സ് ടാപ്പ് സ്ഥാപിച്ചിട്ടില്ല | 5 | 2264.95 ( 5x452.99) |
| | | | | ആകെ | 17814.68 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 20 നുള്ള മറുപടിയിൽ തൃക്കുന്നപ്പുഴ പോലുള്ള തീരദേശ മേഖലകളിൽ ബ്രാസ്സ്, ഗൺമെറ്റൽ എന്നിവ കൊണ്ടുള്ള

ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുവാനും ക്ലാവ് പിടിച്ച് കേട്പാട് സംഭവിക്കാനും സാധ്യത മൂലമാണ് പ്ലാസ്റ്റിക് ടാപ്പ് ഘടിപ്പിച്ചതെന്നുമാണ്. എന്നാൽ പ്ലാസ്റ്റിക് ടാപ്പ് ഘടിപ്പിച്ചപ്പോൾ ആ നിരക്ക് നൽകുന്നതിന് പകരം ഗൺമെറ്റൽ ടാപ്പിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

# 1-28 സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി തുക ചെലവഴിച്ചു

സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗിനായി 18-19 വർഷം രണ്ട് പ്രോജക്ടുകളാണ് നടപ്പാക്കിയത്. SO114 /19 നമ്പർ പ്രോജക്ട് പ്രകാരം 0- 75 മീറ്റർ വരെയുള്ള ചെയ്നേജ് വരെയും SO160/19 നമ്പർ പ്രോജക്ട് പ്രകാരം 70- 95 വരെയുള്ള ചെയ്നേജിലുമാണ് ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സർവ്വീസ്സ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് | സർവ്വീസ്സ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് -2 റീച്ച് |
|---|---|
| പ്രോജക്ട് നമ്പർ - SO114/19<br>അടങ്കൽ - 2,50,000/- ധനകാര്യകമ്മീഷന് ഗ്രാന്റ്<br>ചെലവ് - ബിൽ നമ്പർ - 13/25.9.18 -218785/-<br>എം. ബുക്ക് നമ്പർ - 1/18-19 | പ്രോജക്ട് നമ്പർ - SO160/19<br>അടങ്കൽ - 1,00,000/- ധനകാര്യകമ്മീഷന് ഗ്രാന്റ്<br>ചെലവ് - ബിൽ നമ്പർ - 54/25.3.19 - 99424/-<br>എം. ബുക്ക് നമ്പർ - 35/18-19 |

1. എം.ബുക്ക് നമ്പർ - 1/18-19 പ്രകാരം ഒന്നാം ഇനമായി സർവ്വീസ് സ്റ്റേഷൻ റോഡിന്റെ 0- 75 മീറ്റർ വരെയുള്ള ചെയ്നേജിൽ ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളത് 15.06.2018 ലാണ് . ഇതിന് ശേഷം 11.12.18 ൽ SO160/19 നമ്പർ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ റോഡിന്റെ 70 മീറ്റർ മുതൽ 95 മീറ്റർ വരെ ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളതായി കാണുന്നു. 6മാസം മുമ്പ് മാത്രം SO114/19 നമ്പർ പ്രോജക്ടിൽ റോഡിന്റെ ആദ്യ 75 മീറ്റർ ഫില്ലിംഗ് നടത്തിയിരിക്കെ വീണ്ടും 70 മീറ്റർ മുതൽ ഫില്ലിംഗ് നടത്തിയതായി കാണിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. 5 മീറ്ററിൽ ഫില്ലിംഗ് നടത്തിയതിന് ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 18 നൽകിയതിനുള്ള മറുപടിയിൽ ആകെ 110 മീറ്റർ നീളമുണ്ടായിരുന്ന റോഡിൽ ഫണ്ടിന്റെ കുറവ് മൂലമാണ് 75m ആയി പ്രവർത്തിച്ചുരിക്കയതെന്നും തുടർന്ന് ഫണ്ട് ലഭ്യമായ മുറയ്ക്ക് ബാക്കിയുള്ള ഭാഗം ഗ്രാവൽ വിരിക്കുവാൻ എസ്റ്റിമേറ്റ് എടുക്കുകയുമുണ്ടായി. 75m മുതൽ ഗ്രാവലും ക്യാറികളും ഉപയോഗിച്ച് റോഡ് പണി നടത്താണ് എസ്റ്റിമേറ്റ്. എന്നാൽ M.Bookൽ രേഖപ്പെടുത്തിയപ്പോൾ 75m എന്നതിന് പകരം 70m എന്ന പിശക് പറ്റിയതെന്നുമാണ് അറിയിച്ചത്. എന്നാൽ ഈ മറുപടി അംഗീകരിക്കതല്ല. 75 മീറ്ററിന് പകരം 70m മുതൽ പ്രവർത്തി നടത്തിയതായി M.Bookൽ രേഖപ്പെടുത്തി അധികതുക ചെലവഴിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | എം ബുക്ക് പ്രകാരം അനുവദിച്ചത് | അനുവദിക്കാവുന്നത് | കൂടുതൽ |
|---|---|---|---|
| ഫില്ലിംഗ് അപ് ലോ ലൈയിംഗ് & വാട്ടർ | 22.5 cum | 18cum (20x4.5x.2) | 5201 |

| | | | |
|---|---|---|---|
| ലോഗ്ഗഡ് വിത്ത്<br>ലോക്കൽ മെറ്റീരിയൽസ് / ക്വാറി മക്ക്, സ്പ്രെഡിങ് ഇൻ ലെയേഴ്സ്, ലെവലിങ് ദ ടോപ്പ്, ചെയ്നേജ് 70-85 | (25x4.5x.2)@ 1155.85/cum<br>- 26006 | @ 1155.85/cum - 20805 | |

2. SO160 /19 നമ്പർ പ്രോജക്ട് പ്രകാരം 70- 95 വരെയുള്ള ചെയ്നേജിൽ ഒന്നാം ഇനമായി 22.5cum ക്വാറി മക്ക് ഫില്ല് ചെയ്യുന്നതിനൊപ്പം 9.75 cum ക്വാറി മക്ക് ഉപയോഗിച്ച് പോട്ട് ഹോൾ ഫിൽ ചെയ്തിട്ടുള്ളതായി കാണുന്നു. മൺ റോഡ് ക്വാറി മക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിനുള്ള വേലയിൽ പോട്ട് ഹോൾ ഫില്ലിംഗിനായി പ്രത്യകം തുക ചെലവഴിച്ചതിനുള്ള കാരണം ഓഡിറ്റ് അന്വേഷണം 20 നൽകിയതിന് എസ്റ്റിമേറ്റിൽ ശരാശരി കനം കൊടുത്തിരുന്നത് 25cm ആണ് എന്നാണ്. എന്നാൽ 75 മുതലുള്ള ചെയിനേജിൽ 25cm ൽ അധികം കനം ഉള്ളതായി കാണപ്പെട്ടു. ആ സ്ഥലങ്ങളിലാണ് പ്രത്യേകം മെഷർമെന്റ് ഇട്ട് പോട്ട് ഹോൾ രേഖപ്പെടുത്തിയതെന്നുമാണ്. ഇപ്രകാരം ക്വാറി മക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിനുള്ള വേലയിൽ പോട്ട് ഹോൾ ഫില്ലിംഗിനായി പ്രത്യകം തുക ചെലവഴിച്ചതു വഴി 11269/- രൂപയുടെ (9.75x1155.85/cum) അധിക ചെലവുണ്ടായിട്ടുണ്ട്. മേൽ പദ്ധതിയ്ക്ക് കീഴിൽ ക്രമാനുസൃതമല്ലാതെ അധികം നൽകിയ 16470/- രൂപ [5201 + 11269] തിരികെ ഈടാക്കേണ്ടതാണ്.

# 1-29 പകൽവീടിന് അനുബന്ധ സൌകര്യം ഒരുക്കൽ - വയോജന സൌഹൃദമല്ലാത്ത സ്ഥലത്ത് നിർമ്മിച്ച പകൽവീടിനായി തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ - SO35/19

അടങ്കൽ - 2,00,000/- വികസനഫണ്ട്

ചെലവ് - ബിൽ നമ്പർ - 23/24.11.18 -199562/-

പ്രോജക്ടിലുൾപ്പെടുത്തി പകൽവീടിനായി സർക്കാർ ഹോമിയോ ആശുപത്രിയുടെ ഗ്രൌണ്ട് ഫ്ലോറിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്തെടുത്ത നിർമ്മിതിക്കുള്ളിലായി പാർട്ടിക്കിൾ ബോർഡ് കൊണ്ടുള്ള ഒരു ചെറിയ റൂം, ഒരു ടോയ് ലറ്റ്, വാഷ് ബേസിൻ, പ്ലംബിങ് വർക്കുകൾ, പാനലിംഗ് എന്നിവയ്ക്കായി 199562/- രൂപയാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. ഹോമിയോ ആശുപത്രിയിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് ട്രസ്സ് വർക്ക് ചെയ്ത് പകൽവീടായി നിർമ്മിച്ചെടുത്ത ഷെഡ് വയോജന സൌഹൃദമല്ലന്ന് കണ്ടു. പുറത്ത് കൂടി നിർമ്മിച്ച ഇരുമ്പ് ഗോവണിയിൽ കൂടി വേണം വയോജനങ്ങൾ പകൽവീട്ടിലേക്ക് എത്തേണ്ടത്. ശാരീരിക അവശതകൾ ഉള്ള വയോജനങ്ങൾക്ക് ഇരുമ്പ് ഗോവണിയിൽ കൂടി കയറി പകൽവീട്ടിൽ എത്തുകയെന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കും. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പ്രായോഗികത കൂടി പരിഗണിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - സർക്കാർ നിർദ്ദേശം ലംഘിച്ചു

സ.ഉ.(കൈ) നം.11/18 തസ്വഭവ. തീ.29.01.2018 ഖണ്ഡിക 6-6 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും, തെരുവ് വിളക്കുകൾ സ്ഥാപിക്കലും

മെയിന്റനൻസും ശ്മശാനങ്ങൾ സ്ഥാപിക്കലും മെയിന്റനൻസും എന്നിവയ്ക്കായി മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നത്. എന്നാൽ ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പാനൂർ.യു.പി.സ്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം (S00141/19) എന്ന പ്രോജക്ടിന് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ് ടോപ്പ്, പ്രൊജക്ടർ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകൾക്കായി ഫണ്ടുകൾ വകയിരുത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാനൂർ.യു.പി.സ്ക്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ - S00141/19

അടങ്കൽ - 9,60,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 475000 + മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)) - 4,85,000
ചെലവ് – 839027/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 475000 + ആസ്തിസംരക്ഷണ ഗ്രാന്റ് – 364027)

ചെലവ് - ബിൽ നമ്പർ - 11/26.3.19 – 246585/-

ബിൽ നമ്പർ - 12/26.3.19 – 77089/-

ബിൽ നമ്പർ - 13/26.3.19 – 148012/-

ബിൽ നമ്പർ - 14/26.3.19 – 39680/-

ബിൽ നമ്പർ - 15/26.3.19 – 210219/-

ബിൽ നമ്പർ - 11/26.3.19 – 117442/-
ആകെ 839027/-

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്

ഹൈടെക്ക് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി ആർട്ട്കോയിൽ നിന്ന് പ്രൊജക്ടറും അനുബന്ധ സാധനങ്ങളും വാങ്ങി ഗ്രാമപഞ്ചായത്തിലെ പാനൂർ ജി.യു.പി. സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും വിന്യസിക്കുന്നതിനാവശ്യമായ ഐ.ടി. ഹാർഡ്‌വെയർ സാധനങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)98/18 പൊ.വി.വ. തീ. 06.01.2018 നമ്പർ ഉത്തരവിലെ നിബന്ധന - 1 പ്രകാരം ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ് എന്നിവ സർക്കാർ/തദ്ദേശസ്ഥാപന ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷനും ഈടാക്കാവുന്ന പരമാവധി വിലയിലും അധികരിക്കാതെ വേണം വാങ്ങേണ്ടത്. എന്നാൽ ഈ ഉത്തരവിലെ സ്പെസിഫിക്കേഷനും വിലയും പരിഗണിക്കാതെയാണ് ഹൈടെക് സ്കൂളിനാവശ്യമായ പല ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്. സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മൾട്ടി മീഡിയ പ്രൊജക്ടറിന് ടാക്സ് ഉൾപ്പെടെ 23860/- രൂപയും പ്രൊജക്ടർ സ്ക്രീനിന് ടാക്സ് ഉൾപ്പെടെ 2200/- രൂപയും വൈറ്റ് ബോർഡിന് ടാക്സ് ഉൾപ്പെടെ 7990/- രൂപയും മാത്രം ചെലവഴിക്കാൻ അനുമതി ഉള്ളപ്പോൾ മേൽ ഉപകരണങ്ങൾക്കായി യഥാക്രമം 39680/- രൂപയും 44132/- രൂപയും 17936/- രൂപയും ചെലവഴിച്ചു.

പ്രൊക്വയർമെന്റ് കമ്മറ്റിയുടെ 07.01.2019 ലെ 8-ാം നമ്പർ തീരുമാന പ്രകാരം പാനൂർ യു.പി.എസ്സിൽ ഹൈടെക്ക് ക്ലാസ്സ് റൂം ആക്കൽ എന്ന പദ്ധതിയ്ക്കായി ARTCO യെ അക്രിറ്റഡ് ഏജൻസി ആക്കുന്നതിനും ടി

സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ARTCO യിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവദിച്ച് കൊണ്ടുള്ള G. 0. (Rt) No. 19/2019/SPD. Dated 13/May/2019 പ്രകാരം G. 0. (Rt.) No. 04/2018/SPD, dated 02.02.2018 ഉത്തരവിലെ വിലവിവര പട്ടികയിലെ വിലയേക്കാൾ അധികരിക്കാത്ത വിലയ്ക്കാകണം സാധനങ്ങൾ വാങ്ങേണ്ടത്. ഹൈടെക്ക് ക്ലാസ്സ് റൂമിനായുള്ള വാങ്ങലുകൾ നടത്തിയപ്പോൾ ഈ പട്ടികയിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള 478525/- രൂപയുടെ ഫർണിച്ചറുകളും ഉപകരണങ്ങളും ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയിരിക്കുന്നത്.

സർക്കാർ ഉത്തരവിൽ അനുവദിക്കാത്ത ഉപകരണങ്ങൾ ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയ നടപടിയും സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ചില ഉപകരണങ്ങൾ വാങ്ങിയത് അംഗീകരിക്കത്തക്കതല്ലെങ്കിലും സ്കൂളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ തീരദേശത്തെ മത്സ്യതൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന വിദ്യാലയത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാണെന്നും കണ്ടു. മേലിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ബിൽ നമ്പർ - 13/26.03.2019 പ്രകാരം കർട്ടൻ വെർട്ടിക്കൽ ബ്ലൈൻഡ്സ് pvc ബാംബൂ 180x165 cm എന്നയിനം 8 എണ്ണം വാങ്ങിയതിന്റെ തുകയായി 32709.6 (27720 + 4989.6 ടാക്സ്) നൽകിയിട്ടുണ്ടെങ്കിലും 14.08.2019 ൽ സ്കൂളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 6 കർട്ടനുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 2 കർട്ടനുകളുടെ വിലയായ 8177.4 /- രൂപ (6930+ 1247.4 ടാക്സ്) രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. 3/20.08.2019 നമ്പർ എൻക്വയറി മുഖേന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് ഖണ്ഡിക തയ്യാറാക്കിയത്.

# 1-32 നിക്ഷേപപ്രോജക്ടുകൾ നടപ്പിലായില്ല

സെക്രട്ടറി നിർവ്വഹിച്ച നിക്ഷേപ പ്രോജക്ടുകൾ നടപ്പിലായില്ല.

പാനൂർ സ്കൂൾ ത്രീഫേസ് ആക്കൽ (പ്രോ.18/19), അങ്കണവാടികളുടേയും പുതിയ പബ്ലിക് ടോയിലറ്റിന്റേയും വൈദ്യുതീകരണം (പ്രോ.17/19) എന്നിവയാണ് ഓഡിറ്റ് വർഷം പൂർത്തിയാകാത്തത്. ഇവയുടെ അന്തിമബില്ലും പൂർത്തീകരണ സാക്ഷ്യപത്രവും ഇല്ല. വൈദ്യുത ബോർഡാണ് നിർവ്വഹണ ഏജൻസി.

ആദ്യ പ്രോജക്ടിന് 50000/- രൂപ (ബിൽ 1361/19.03.2019) യും രണ്ടാമത്തേതിന് 183000/-രൂപ (ബിൽ 1454876, 1454869/21.03.2019) യും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നിക്ഷേപിച്ചു. നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചതായി കാണുന്നില്ല. ആദ്യ പ്രോജക്ടിന് വൈദ്യുത ബോർഡ് 76000/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് തുക നിക്ഷേപിക്കാതെ ഗ്രാമപഞ്ചായത്ത് തന്നെ പ്രോജക്ട് നിർവ്വഹണം വൈകിച്ചിരിക്കുകയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ രൂപ നീക്കിയിരിപ്പുള്ളപ്പോഴാണ് പ്രോജക്ട് തുടർ പ്രോജക്ടാക്കി ഗ്രാമപഞ്ചായത്ത് വൈകിച്ചത്. ഇത് ആസൂത്രണത്തിലെ പിഴവാണ്.

പ്രോജക്ടുകൾ പൂർത്തീകരിച്ച് ജനോപകാരപ്രദമാക്കാഞ്ഞതിനാൽ നിക്ഷേപതുക 233000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. അന്തിമബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതേപോലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് KSEBയ്ക്ക് നൽകിയ 1776046/- രൂപയും കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് ജല അതോറിറ്റിക്ക് നൽകിയ 125000/- രൂപയും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെൽട്രോണിന് നല്കിയ 411000/- രൂപയും (വിശദവിവരത്തിന് ഖണ്ഡിക 4-3 കാണുക) നിക്ഷേപമായി തുടരുന്നു. നിക്ഷേപ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പച്ചക്കറി വിത്ത് :സബ്സിഡി അധികം നല്കി

വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി എന്ന പ്രോജക്റ്റി(62/19)ൽ സബ്സിഡി അധികം നല്കി.

സബ്സിഡി മാർഗരേഖ (സ.ഉ (കൈ)22/2018/തസ്വഭവ,14.02.18 ക്രമ നം.3)അനുസരിച്ച് പ്രോജക്റ്റിന് ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാണ്. യൂണിറ്റ് കോസ്റ്റ് ബാധക (ആലപ്പുഴ ജില്ലാകളക്ടറുടെ 03.04.2018 ലെ 2895/2018/DPC/ DPO/ ALPനടപടിക്രമം) മാക്കാതെയാണ് കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്റ്റിൽ 46 കുടുംബശ്രീ യൂണിറ്റുകൾക്ക് വളത്തിന്റെ വില അടിസ്ഥാനമാക്കി സബ്സിഡി നല്കിയത്.

വെർമി കംപോസ്റ്റ്- Rs.16/1kg, സ്യൂഡോമോണോസ് -Rs.75/Kg എന്നിങ്ങനെയാണ് യൂണിറ്റ് കോസ്റ്റ്. കൃഷി ഓഫീസർ സബ്സിഡി നല്കിയത് ഇവക്ക് കിലോയ്ക്ക് യഥാക്രമം Rs.27, Rs.88 നിരക്കിലാണ്. യൂണിറ്റുകൾക്ക് 1 കിലോ വീതമാണ് നല്കിയത്. അതിനാൽ 46 യൂണിറ്റിന് ആകെ 1104/- രൂപ അധികചെലവ്. (1 യൂണിറ്റിന് 24/- രൂപ വീതം). ഇത് കൃഷി ഓഫീസറിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീയൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സുംപ്ലേറ്റും നൽകൽ പദ്ധതി - തുക നിരാകരിക്കുന്നു.

പ്രൊജക്റ്റ് നം. S0174/19

അടങ്കൽ - 100000/-

ബിൽ നം - 39/18-19/18.03.19, 100000/-

നിർവ്വഹണം - VEO

ഭരണാനുമതി നം - 1(2)/11.12.18

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ - കുടുംബശ്രീ യൂണിറ്റിന് സ്റ്റീൽ ഗ്ലാസ്സും പ്ലേറ്റും നൽകൽ എന്ന പദ്ധതിപ്രകാരം ഗ്രീൻലാൻഡ് എന്ന കുടുബശ്രീ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി രാജ് മെറ്റൽസ് ആന്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും 100000/- രൂപ ചെലവഴിച്ച് 255.6 kgസ്റ്റീൽ പ്ലേറ്റും , 42.5 kg സ്റ്റീൽ ഗ്ലാസ്സും വാങ്ങിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം 22/18/തസ്വഭവ തീരു.തിയതി.14.02.2018 പ്രകാരം പാചകപാത്രങ്ങൾ, സംഭരണ പാത്രങ്ങൾ എന്നിവ വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ, ഗ്രൂപ്പുകൾക്കോ നൽകുവാൻ പാടില്ല. ഹരിത കേരളമിഷൻ തദ്ദേശസ്വഭരണസ്ഥാപനങ്ങൾക്ക് വേണ്ടി പുറത്തിറക്കിയ കൈപ്പുസ്തകത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ നൽകാൻ വ്യവസ്ഥയില്ല. പ്രൊജക്റ്റ് തയ്യാറാക്കിയ വിഇഒയും അംഗീകരം നൽകിയ ബിഡിഒയും പ്രൊജക്റ്റ് നിയമാനുസൃതമാണെന്നും സബ്സ്ഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നും പ്രൊജക്റ്റ് ഫോറങ്ങളിൽ വ്യക്തമാക്കിയിട്ടില്ല.

2)ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം സ്റ്റീൽ പാത്രങ്ങൾ, പ്ലെയിറ്റുകൾ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങി നൽകുവാൻ സർക്കാർ നിർദ്ദേശമില്ല.

3)പ്രൊജക്ട് അനുസരിച്ച് ഒരുകുടുംബശ്രീ യൂണിറ്റിന് വേണ്ടി വികസനഫണ്ട് ചെലവഴിച്ചതായി കാണുന്നു.പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ട വികസനഫണ്ടിൽ നിന്നും ഇത്രയും വലിയ തുക ഒരു കുടുംബശ്രീ യൂണിറ്റിന് വേണ്ടി ചെലവഴിച്ചത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത ഗ്രൂപ്പ് ആനുകൂല്യം കൈപ്പറ്റിയതിന്റെ രേഖകൾ, സ്റ്റീൽ പാത്രങ്ങൾ നൽകിയ കുടുംബശ്രീയൂണിറ്റുമായി ചമച്ച കരാർ, കാറ്ററിംഗ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് നൽകിയ ലൈസൻസ് എന്നിവ ഹാജരാക്കിയില്ല.

4)പാത്രങ്ങൾ വാങ്ങിയ രാജ് ഇൻഡസ്ട്രീസിന്റെ ന്റെ ക്യാഷ് ബിൽ ഹാജരാക്കിയില്ല. ഹാജരാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം ആകെ പാത്രങ്ങളുടെ തൂക്കമാണ് കാണിച്ചിട്ടുള്ളത്. വാങ്ങിയ പാത്രങ്ങളുടെ എണ്ണം കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5)ഹരിതചട്ടം പാലിക്കുക എന്ന ലക്ഷ്യത്തിലേക്ക് ഗ്രാമ പഞ്ചായത്തിനെ ഈ പദ്ധതി എപ്രകാരം സഹായിച്ചു എന്നത് വ്യക്തമല്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ ഹരിത പെരുമാറ്റചട്ടം, മാലിന്യസംസ്കരണം എന്നീ മേഖലകളിൽ കുടുംബശ്രീയെ ബന്ധിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് കുടുബശ്രീ ഗ്രൂപ്പിന് ഗ്ലാസ്സും പ്ലേറ്റും നൽകുന്ന പദ്ധതി ആവിഷ്കരിച്ചതെന്നും ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ ഏജൻസിയായി ഗ്രാമപഞ്ചായത്ത് കുടുംബശ്രീയെ തെരഞ്ഞെടുത്തതാണെന്നാണ് അറിയിച്ചത്. സർക്കാർ ഫണ്ട് യാതൊരു സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലല്ല ചെലവഴിച്ചിട്ടുള്ളത്. ഈ അപാകതയെ സാധൂകരിക്കുന്ന മറുപടിയല്ല ലഭിച്ചിരിക്കുന്നത്. ഹരിതമിഷന്റെ കൈപ്പുസ്തകത്തിൽ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്ലാസ്സ് പ്ലേറ്റും നൽകാമെങ്കിലും ഗ്രൂപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ കാരണങ്ങളാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 100000/- രൂപ നിർവ്വഹണോദ്യഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 പൊതുപണം വിനിയോഗിച്ച് സ്വകാര്യക്ഷേത്രത്തിന്റെ ഭൂമിയിൽ പബ്ലിക് ടോയ് ലറ്റ് സ്ഥാപിച്ചു

പ്രോജക്ട് നമ്പർ - S0141/19

അടങ്കൽ - 4,40,000/- (വികസനഫണ്ട് - 20,000 + സംസ്ഥാനവിഹിതം - 4,00,000 + തനത് ഫണ്ട് - 20,000 )

ചെലവ് - ബിൽ നമ്പർ - 14/26.9.18 – 20000/-

ചെക്ക് നമ്പർ - 2733896/25.9.18 – 7405/-

ചെക്ക് നമ്പർ - 208436/25.9.18 –4,00,000/-

ആകെ 4,27,405/-

എം.ബുക്ക് നമ്പർ- 28/17-18

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ മൂത്തേരി ശിവ പാർവ്വതി ക്ഷേത്ര പരിസരത്ത് 2 ടോയ് ലറ്റുകളും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒരു ബേണിങ് ഫർണസും സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ആകെ 427405/- രൂപ പ്രവൃത്തിയുടെ ചെലവായി നിർണ്ണയിച്ച് (പബ്ലിക്ക്

ടോയിലറ്റിന് 315714.28 രൂപയും ഫർണസിന് 111690.72 രൂപയും) നികുതിയിനത്തിൽ 8548/- രൂപ കുറവ് വരുത്തി ബാക്കി 418857/- രൂപ കരാറുകാരനായ ശ്രീ.അരുൺബാബുവിന് നൽകി. എസ്.എൻ.ഡി.പി.യോഗത്തിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിന്റെ സ്ഥലത്ത് എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയുടെ ലെറ്റർ ഹെഡിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പബ്ലിക് ടോയ് ലറ്റ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഈ സ്ഥലം ഗ്രാമപഞ്ചായത്തിന് നിയമപരമായി കൈമാറിയിട്ടില്ല. പബ്ലിക് ടോയ് ലറ്റ് നിർമ്മിച്ചിരിക്കുന്ന ക്ഷേത്രം സ്ഥിതി ചെയ്യുന്നത് പ്രധാനപ്പെട്ട ജംഗ്ഷനിലോ, പി.ഡബ്ല്യു.ഡി.,റോഡിന്റെ പരിസരത്തോ അല്ല. ഒരു മൺ റോഡിന്റെ അരികിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിനടുത്ത് പൊതുസ്ഥാപനങ്ങളോ, വ്യാപാരസ്ഥാപനങ്ങളോ പോലും പ്രവർത്തിക്കുന്നില്ല. ക്ഷേത്രഭൂമിയായതിനാൽ പൊതുജനങ്ങൾ പ്രസ്തുത ടോയ് ലെറ്റുകൾ ഉപയോഗിക്കാൻ സാദ്ധ്യത കുറവാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയിൽ പണം ചെലവഴിച്ചിട്ടുള്ളത് പൊതുജനക്ഷേമാർത്ഥമല്ല എന്ന് കരുതേണ്ടിയിരിക്കുന്നു. വാട്ടർ/വൈദ്യുത കണക്ഷനുകളും ടോയ് ലറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത ഭൂമിയിൽ SNDP യുടെ ലെറ്റർ ഹെഡിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പൊതുപണം ചെലവഴിച്ച് ടോയ് ലറ്റ് യൂണിറ്റ് സ്ഥാപിച്ച് നൽകിയതിന് ശരിയായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം.19/ നൽകിയതിന് എസ്.എൻ.ഡി.പി ശാഖയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രവർത്തി നടത്തിയതെന്നാണ്. ഈ മറുപടി അംഗീകരിക്കുന്നില്ല. സ്വകാര്യക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയ് ലറ്റുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 315714/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 3-3 സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി തുക ചെലവഴിച്ചു

സർവ്വീസ് സ്റ്റേഷൻ റോഡ് ഫില്ലിംഗിനായി 18-19 വർഷം രണ്ട് പ്രോജക്ടുകളാണ് നടപ്പാക്കിയത്. SO114 /19 നമ്പർ പ്രോജക്ട് പ്രകാരം 0- 75 മീറ്റർ വരെയുള്ള ചെയ്ലേജ് വരെയും SO160/19 നമ്പർ പ്രോജക്ട് പ്രകാരം 70- 95 വരെയുള്ള ചെയ്ലേജിലുമാണ് ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സർവ്വീസ്സ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് | സർവ്വീസ്സ് സ്റ്റേഷൻ റോഡ് ഫില്ലിംഗ് -2 റീച്ച് |
|---|---|
| പ്രോജക്ട് നമ്പർ - SO114/19<br>അടങ്കൽ - 2,50,000/- ധനകാര്യകമ്മീഷന് ഗ്രാന്റ്<br>ചെലവ് - ബിൽ നമ്പർ - 13/25.9.18 -218785/-<br>എം. ബുക്ക് നമ്പർ - 1/18-19 | പ്രോജക്ട് നമ്പർ - SO160/19<br>അടങ്കൽ - 1,00,000/- ധനകാര്യകമ്മീഷന് ഗ്രാന്റ്<br>ചെലവ് - ബിൽ നമ്പർ - 54/25.3.19 - 99424/-<br>എം. ബുക്ക് നമ്പർ - 35/18-19 |

1. എം.ബുക്ക് നമ്പർ - 1/18-19 പ്രകാരം ഒന്നാം ഇനമായി സർവ്വീസ് സ്റ്റേഷൻ റോഡിന്റെ 0- 75 മീറ്റർ വരെയുള്ള ചെയ്ലേജിൽ ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളത് 15.06.2018 ലാണ് . ഇതിന് ശേഷം 11.12.18 ൽ SO160/19 നമ്പർ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ റോഡിന്റെ 70

മീറ്റർ മുതൽ 95 മീറ്റർ വരെ ക്വാറി മക്ക് ഇട്ടതിനുശേഷം അതിന് മുകളിൽ ഗ്രാവൽ വിരിച്ചിട്ടുള്ളതായി കാണുന്നു. 6മാസം മുമ്പ് മാത്രം SO114/19 നമ്പർ പ്രോജക്ടിൽ റോഡിന്റെ ആദ്യ 75 മീറ്റർ ഫില്ലിംഗ് നടത്തിയിരിക്കെ വീണ്ടും 70 മീറ്റർ മുതൽ ഫില്ലിംഗ് നടത്തിയതായി കാണിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. 5 മീറ്ററിൽ ഫില്ലിംഗ് നടത്തിയതിന് ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 18 നൽകിയതിനുള്ള മറുപടിയിൽ ആകെ 110 മീറ്റർ നീളമുണ്ടായിരുന്ന റോഡിൽ ഫണ്ടിന്റെ കുറവ് മൂലമാണ് 75m ആയി പ്രവർത്തിച്ചുരിക്കയതെന്നും തുടർന്ന് ഫണ്ട് ലഭ്യമായ മുറയ്ക്ക് ബാക്കിയുള്ള ഭാഗം ഗ്രാവൽ വിരിക്കുവാൻ എസ്റ്റിമേറ്റ് എടുക്കുകയുമുണ്ടായി. 75m മുതൽ ഗ്രാവലും ക്യാറികളും ഉപയോഗിച്ച് റോഡ് പണി നടത്താണ് എസ്റ്റിമേറ്റ്. എന്നാൽ M.Bookൽ രേഖപ്പെടുത്തിയപ്പോൾ 75m എന്നതിന് പകരം 70m എന്ന പിശക് പറ്റിയതെന്നുമാണ് അറിയിച്ചത്. എന്നാൽ ഈ മറുപടി അംഗീകരിക്കതല്ല. 75 മീറ്ററിന് പകരം 70m മുതൽ പ്രവർത്തി നടത്തിയതായി M.Bookൽ രേഖപ്പെടുത്തി അധികതുക ചെലവഴിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | എം ബുക്ക് പ്രകാരം അനുവദിച്ചത് | അനുവദിക്കാവുന്നത് | കൂടുതൽ |
|---|---|---|---|
| ഫില്ലിംഗ് അപ് ലോ ലൈയിംഗ് & വാട്ടർ ലോഗ്ഗ്ഡ് വിത്ത്<br>ലോക്കൽ മെറ്റീരിയൽസ്/ക്വാറി മക്ക്, സ്പ്രെഡിങ് ഇൻ ലെയേഴ്സ്, ലെവലിങ് ദ ടോപ്പ് , ചെയ്നേജ് 70-85 | 22.5 cum (25x4.5x.2)@ 1155.85/cum - 26006 | 18cum @ 1155.85/cum - 20805 | 5201 |

2. SO160 /19 നമ്പർ പ്രോജക്ട് പ്രകാരം 70- 95 വരെയുള്ള ചെയ്നേജിൽ ഒന്നാം ഇനമായി 22.5cum ക്വാറി മക്ക് ഫില്ല് ചെയ്യുന്നതിനൊപ്പം 9.75 cum ക്വാറി മക്ക് ഉപയോഗിച്ച് പോട്ട് ഹോൾ ഫിൽ ചെയ്തിട്ടുള്ളതായി കാണുന്നു. മൺ റോഡ് ക്വാറി മക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിനുള്ള വേലയിൽ പോട്ട് ഹോൾ ഫില്ലിംഗിനായി പ്രത്യകം തുക ചെലവഴിച്ചതിനുള്ള കാരണം ഓഡിറ്റ് അന്വേഷണം 20 നൽകിയതിന് എസ്റ്റിമേറ്റിൽ ശരാശരി കനം കൊടുത്തിരുന്നത് 25cm ആണ് എന്നാണ്. എന്നാൽ 75 മുതലുള്ള ചെയിനേജിൽ 25cm ൽ അധികം കനം ഉള്ളതായി കാണപ്പെട്ടു. ആ സ്ഥലങ്ങളിലാണ് പ്രത്യേകം മെഷർമെന്റ് ഇട്ട് പോട്ട് ഹോൾ രേഖപ്പെടുത്തിയതെന്നുമാണ്. ഇപ്രകാരം ക്വാറി മക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിനുള്ള വേലയിൽ പോട്ട് ഹോൾ ഫില്ലിംഗിനായി പ്രത്യകം തുക ചെലവഴിച്ചതു വഴി 11269/- രൂപയുടെ (9.75x1155.85/cum) അധിക ചെലവുണ്ടായിട്ടുണ്ട്. മേൽ പദ്ധതിയ്ക്ക് കീഴിൽ ക്രമാനുസൃതമല്ലാതെ അധികം നൽകിയ 16470/- രൂപ [5201 + 11269] തിരികെ ഈടാക്കേണ്ടതാണ്.

# 3-4 പാനൂർ.യു.പി.സ്ക്കൂളിൽ ഹൈടെക് ക്ലാസ്സ് റൂം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ - SO0141/19

അടങ്കൽ - 9,60,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 475000 + മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)) - 4,85,000

ചെലവ് – 839027/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് – 475000 + ആസ്തിസംരക്ഷണ ഗ്രാന്റ് – 364027)

ചെലവ് - ബിൽ നമ്പർ - 11/26.3.19 – 246585/-

ബിൽ നമ്പർ - 12/26.3.19 – 77089/-

ബിൽ നമ്പർ - 13/26.3.19 – 148012/-

ബിൽ നമ്പർ - 14/26.3.19 – 39680/-

ബിൽ നമ്പർ - 15/26.3.19 – 210219/-

ബിൽ നമ്പർ - 11/26.3.19 – 117442/-

ആകെ 839027/-

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്

ഹൈടെക്ക് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി ആർട്ട്കോയിൽ നിന്ന് പ്രൊജക്ടറും അനുബന്ധ സാധനങ്ങളും വാങ്ങി ഗ്രാമപഞ്ചായത്തിലെ പാനൂർ ജി.യു.പി. സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും വിന്യസിക്കുന്നതിനാവശ്യമായ ഐ.ടി. ഹാർഡ്‌വെയർ സാധനങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)98/18 പൊ.വി.വ. തീ. 06.01.2018 നമ്പർ ഉത്തരവിലെ നിബന്ധന - 1 പ്രകാരം ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ് എന്നിവ സർക്കാർ/തദ്ദേശസ്ഥാപന ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷനും ഈടാക്കാവുന്ന പരമാവധി വിലയിലും അധികരിക്കാതെ വേണം വാങ്ങേണ്ടത്. എന്നാൽ ഈ ഉത്തരവിലെ സ്പെസിഫിക്കേഷനും വിലയും പരിഗണിക്കാതെയാണ് ഹൈടെക് സ്കൂളിനാവശ്യമായ പല ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്. സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മൾട്ടി മീഡിയ പ്രൊജക്ടറിന് ടാക്സ് ഉൾപ്പെടെ 23860/- രൂപയും പ്രൊജക്ടർ സ്ക്രീനിന് ടാക്സ് ഉൾപ്പെടെ 2200/- രൂപയും വൈറ്റ് ബോർഡിന് ടാക്സ് ഉൾപ്പെടെ 7990/- രൂപയും മാത്രം ചെലവഴിക്കാൻ അനുമതി ഉള്ളപ്പോൾ മേൽ ഉപകരണങ്ങൾക്കായി യഥാക്രമം 39680/- രൂപയും 44132/- രൂപയും 17936/- രൂപയും ചെലവഴിച്ചു.

പ്രൊക്യുയർമെന്റ് കമ്മറ്റിയുടെ 07.01.2019 ലെ 8-ാം നമ്പർ തീരുമാന പ്രകാരം പാനൂർ യു.പി.എസ്സിൽ ഹൈടെക്ക് ക്ലാസ്സ് റൂം ആക്കൽ എന്ന പദ്ധതിയ്ക്കായി ARTCO യെ അക്രിറ്റഡ് ഏജൻസി ആക്കുന്നതിനും ടി സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ARTCO യിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവദിച്ചു കൊണ്ടുള്ള G. 0. (Rt) No. 19/2019/SPD. Dated 13/May/2019 പ്രകാരം G. 0. (Rt.) No. 04/2018/SPD, dated 02.02.2018 ഉത്തരവിലെ വിലവിവര പട്ടികയിലെ വിലയേക്കാൾ അധികരിക്കാത്ത വിലയ്ക്കാകണം സാധനങ്ങൾ വാങ്ങേണ്ടത്. ഹൈടെക്ക് ക്ലാസ്സ് റൂമിനായുള്ള വാങ്ങലുകൾ നടത്തിയപ്പോൾ ഈ പട്ടികയിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള 478525/- രൂപയുടെ ഫർണിച്ചറുകളും ഉപകരണങ്ങളും ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയിരിക്കുന്നത്.

സർക്കാർ ഉത്തരവിൽ അനുവദിക്കാത്ത ഉപകരണങ്ങൾ ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയ നടപടിയും സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ചില ഉപകരണങ്ങൾ വാങ്ങിയത് അംഗീകരിക്കത്തക്കതല്ലെങ്കിലും സ്കൂളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ തീരദേശത്തെ മത്സ്യതൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന വിദ്യാലയത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാണെന്നും കണ്ടു. മേലിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ബിൽ നമ്പർ - 13/26.03.2019 പ്രകാരം കർട്ടൻ വെർട്ടിക്കൽ ബ്ലൈൻഡ്സ് pvc ബാംബു 180x165 cm എന്നയിനം 8 എണ്ണം വാങ്ങിയതിന്റെ തുകയായി 32709.6 (27720 + 4989.6 ടാക്സ്) നൽകിയിട്ടുണ്ടെങ്കിലും 14.08.2019 ൽ സ്കൂളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 6 കർട്ടനുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 2 കർട്ടനുകളുടെ വിലയായ 8177.4/- രൂപ (6930+ 1247.4 ടാക്സ്) രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. 3/20.08.2019 നമ്പർ എൻക്വയറി മുഖേന അപാകതകൾക്ക്

വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് ഖണ്ഡിക തയ്യാറാക്കിയത്.

## 3-5 പച്ചക്കറി വിത്ത് :സബ്സിഡി അധികം നല്കി

വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി എന്ന പ്രോജക്റ്റി(62/19)ൽ സബ്സിഡി അധികം നല്കി.

സബ്സിഡി മാർഗരേഖ (സ.ഉ (കൈ)22/2018/തസ്വഭവ,14.02.18 ക്രമ നം.3) അനുസരിച്ച് പ്രോജക്ടിന് ജില്ലാതല യൂണിറ്റ് കോസ്റ്റ് ബാധകമാണ്. യൂണിറ്റ് കോസ്റ്റ് ബാധക (ആലപ്പുഴ ജില്ലാകളക്ടറുടെ 03.04.2018 ലെ 2895/2018/DPC/ DPO/ALP നടപടിക്രമം) മാക്കാതെയാണ് കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിൽ 46 കുടുംബശ്രീ യൂണിറ്റുകൾക്ക് വളത്തിന്റെ വില അടിസ്ഥാനമാക്കി സബ്സിഡി നല്കിയത്.

വെർമി കംപോസ്റ്റ്- Rs.16/1kg, സ്യൂഡോമോണോസ് -Rs.75/Kg എന്നിങ്ങനെയാണ് യൂണിറ്റ് കോസ്റ്റ്. കൃഷി ഓഫീസർ സബ്സിഡി നല്കിയത് ഇവക്ക് കിലോയ്ക്ക് യഥാക്രമം Rs.27, Rs.88 നിരക്കിലാണ്. യൂണിറ്റുകൾക്ക് 1 കിലോ വീതമാണ് നല്കിയത്. അതിനാൽ 46 യൂണിറ്റിന് ആകെ 1104/- രൂപ അധികചെലവ്. (1 യൂണിറ്റിന് 24/- രൂപ വീതം). ഇത് കൃഷി ഓഫീസറിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി3-534/2019/തീ. 27.06.19 പ്രകാരം പുറപ്പെടുവിച്ച 2018-19 ലെ വാർഷിക കണക്ക് പരിശോധന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള അപാകതകൾ ഓഡിറ്റ് സമയത്തും പരിഹരിക്കപ്പെടാതെ ശേഷിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 3139661 | ലൈഫ് | 3082240 | 57421 |
| | 2018-19 | 500000 | ലൈഫ് (എസ്.സി) | 180000 | 320000 |
| | 2018-19 | 250000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | |
| | 2018-19 | 788023 | സ്ട്രീറ്റ് ലൈൻദീർഘിപ്പിക്കൽ | 788023 | |
| | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | പാലിന് | 200000 | - |
| | 2018-19 | 1829426 | ഇൻസെന്റീവ് ലൈഫ് | 1829426 | - |
| | 2018-19 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | - |
| | 2018-19 | 300000 | പാലിയേറ്റീവ് കെയർ | 299045 | 955 |
| | 2018-19 | 500000 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനഉപകരണം | 495952 | 4048 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻദീർഘിപ്പിക്കൽ | 180706000000009181/31.10.2018 | 680041/- | | 1776046 |
| | | 180706000000012921/16.01.2019 | 95191/- | | |
| | | 180706000000012918/16.01.2019 | 12791/- | | |
| | | 180706000000015875/21.03.2019 | 200000/- | | |
| | | ചെക്ക് നം.2313321/05.03.2019 | 788023/- | | |
| | | ആകെ | 1776046/- | | |
| വാട്ടർഅതോറിറ്റി | വാർഡ്5,15,16ൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 180706000000015877/20.03.2019 | 125000 | - | 125000 |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | അങ്കണവാടികളുടെയും പുതിയ പബ്ലിക് ടോയിലറ്റിന്റെയും വൈദ്യുതീകരണം | 180706000000016199/25.03.2019<br>180706000000016202/25.03.2019 | 133000<br>50000 | 183000 | |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | ഫിഷറീസ് ആശുപത്രിയിലേക്ക് ലാബും സ്റ്റോറും ശീതികരിക്കൽ | 180706000000014187/15.02.2019 | 100000 | 100000 | |
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 154/19 | 180706000000012093/29.12.2018<br>180706000000008476/17.10.2018 | 10367<br>10993 | 21360 | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻദീർഘിപ്പിക്കൽ പൂർത്തീകരണം-ജി.എസ്.റ്റി തുക അടവാക്കൽ 153/19 | 180706000000008480/17.10.2018<br>180706000000014547/25.02.2019<br>180706000000014546/15.02.2019 | 325034<br>48612<br>21055 | 394071 | |
| കെ.എസ്.ഇ.ബി | മിനിമാസ്റ്റ് ലൈറ്റിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ 165/19 | 180706000000008475/17.10.2018 | 23674 | 23674 | |
| കെൽട്രോൺ | വാർഡ് 16 ൽ മിനി മാസ്റ്റ് ലൈററ് സ്ഥാപിക്കൽ 142/19 | 180706000000008479/17.10.2018 | 200000 | 200000 | |
| കെൽട്രോൺ | വാർഡ് 8 ൽ മിനിമാസ്റ്റ് ലൈററ് സ്ഥാപിക്കൽ 143/19 | 180706000000006093/17.10.2018 | 198054 | 198054 | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച വായ്പയുടേയും വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാനുള്ള വായ്പയുടേയും വിവരം.

| ക്രമ | വായ്പയുടെ | ഉത്തരവ് നം. | വായ്പതുക | വർഷാവസാനത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|---|

| നമ്പർ | പേര് | തീയതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവനം | സ.ഉ(സാധാ) 960/റൂൾ എസ് സി പി; 20.03.2010 | 13039500 | 1978400 | 1303950 | | 674450 |
| 2 | ലൈഫ് പദ്ധതി | ഇല്ല | 34474860 | | | | 34474860 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|
| 2009 10-2(1) | 1250 | മാനേജർ, കെ.എസ്.ബി.സി, തൃക്കുന്നപ്പുഴ | 118140100728/2.7.18 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2015-16 | 3.7.7 | 1982 ആഗസ്റ്റ്മാസത്തിൽ പ്രവർത്തനമാരംഭിച്ച കുമാരകോടി ഹരിജൻ വ്യവസായ സംഘം നിർജ്ജീവമായതു സംബന്ധിച്ച് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2 | 2015-16 | 3.7.8 | പരമ്പരാഗത കുലത്തൊഴിൽമേഖലകൾ സംബന്ധിച്ച് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110469776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105053939 |
| വരവിനങ്ങളിലുള്ള നഷ്ടം* | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 441465 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 828564 |

*(വരവ് നഷ്ടം തിട്ടപ്പെടുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. റിപ്പോർട്ടിലെ 2-1 മുതൽ 2-8 വരെ ഖണ്ഡികൾ വരവ് നഷ്ടം ലക്ഷങ്ങൾ വരാം എന്ന സൂചനയാണ്.)

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1-22) | | 100000 | ശ്രീ.അരുൺകുമാർ.T.S, വിഇഒ |
| 3-2(1-26) | | 315714 | ശ്രീ. സി.രാജൻ,എഇ |
| 3-3(1-28) | | 16470 | ശ്രീ .സി.രാജൻ,എഇ |
| 3-4(1-31) | | 8177 | ശ്രീമതി.എം.ശ്രീദേവി, എച്ച്എം |
| 3-5(1-33) | | 1104 | ശ്രീമതി.മീര, കൃഷി ഓഫീസർ |
| | ആകെ | 441465 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| | | |
|---|---|---|
| 1-24(എ) | 279635 | ഡോ.ശരത്, മെഡിക്കൽ ഓഫീസർ ഫിഷറീസ് ആശുപത്രി |
| 1-24(ബി) | 40659 | ഡോ.അനിത വർഗീസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| 1-24(ബി) | 157455 | ഡോ.ഹാരിയറ്റ് ജറാൾഡ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-25 | 100000 | മെഡിക്കൽ ഓഫീസർ ഫിഷറീസ് ആശുപത്രി |
| 1-27 | 17815 | ശ്രീ.സി.രാജൻ,എഇ |

| | | |
|---|---|---|
| 1-33 | 233000 | ശ്രീമതി.എം.സബീന,സെക്രട്ടറി |
| ആകെ | 828564 | |

**(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 2-1 മുതൽ 2-8 വരെ

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.രാജൻ.എ.ഇ | എ.ഇ, തൃക്കുന്നപ്പുഴ | ഷൈലജാഭവനം, ചുനക്കര.പി.ഒ, ചുനക്കര. |
| ശ്രീമതി.ശ്രീദേവി.എം, എച്ച്.എം | എച്ച്.എം, ജി.എൽ.പി.എസ്, തൃക്കുന്നപ്പുഴ | വസന്തം, തോട്ടപ്പള്ളി.പി.ഒ ആലപ്പുഴ. |
| മീര, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തൃക്കുന്നപ്പുഴ | തയ്യിൽ വീട്, കിളികൊല്ലൂർ.പി.ഒ കൊല്ലം. |
| ശ്രീ.അരുൺകുമാർ.T.S, VEO | VEO, തൃക്കുന്നപ്പുഴ | റോസ്ച്ചിറ, ചിങ്ങോലി.പി.ഒ കാർത്തികപ്പള്ളി. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 to 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-1-2012 |
| 2000-01 | എൽ.എഫ്.എ-ജി.എ12./256/05, തീയതി. 18-5-2005 |
| 2001-2002 | എൽ.എഫ്.എ-ജി.എ12./912/06, തീയതി. 10-11-06 |
| 2002-03 | എൽ.എഫ്.എ-ജി.എ12/1667/07, തീയതി. 28.07.2008 |
| 2003-04 | എൽ.എഫ്.എ12-1245/09, തീയതി. 12.03.09/18.04.09 |
| 2004-05 | എൽ.എഫ്.എ-പി3-178(1)/12, 05.10.2012/12.10.2012 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12, 05.10.2012/12.10.2012 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12, 05.10.2012/12.10.2012 |
| 2007-08 | എൽ.എഫ്.എ-പി3-178(4)/12, 14.03.2013 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-1577/13, 15.05. |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-739/13, 02.01.2014/07.02.2014 |
| 2012-13 | എൽ.എഫ്.എ-പി3-131/15, തീയതി. 21.03.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി3-217/16, 15.03.16/26.03.16 |
| | |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി3-834/16, 30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1311/16, 21.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി3-1323/17, 07.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി-പി3-15/19, തീയതി. 07.02.2019 |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>

നം.കെ.എസ്.എ-എ.എൽ.പി/പി3-534/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ<br>
തീയതി: 27.06.2019

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## <u>**അനുബന്ധം-2**</u>

<table>
<tr><td>1.</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2.</td><td>ഇൻകം & എക്സ്പെൻഡിച്ചർ</td></tr>
<tr><td>3.</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ